**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2163** | **03-03-2025 - ൽ മറുപടിയ്ക്ക്**

**കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്.-ലെ ജീവനക്കാരുടെ ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കെ.എച്.ആർ.ഡബ്ല്യൂ.എസ്.-ന്റെ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കാത്ത് ലാബിന്റെ പ്രവർത്തനം നിലച്ചിട്ട് എത്ര മാസമായി എന്ന് വ്യക്തമാക്കാമോ; പ്രസ്തുത ലാബ് എന്ന് പ്രവർത്തനക്ഷമമാക്കും എന്ന് വ്യക്തമാക്കാമോ; | (എ) | തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ കഴിഞ്ഞ 12 വർഷമായി പ്രവർത്തിച്ചുവന്നിരുന്ന കെ എച്ച് ആർ ഡബ്ല്യു എസ്-ന്റെ കാത്ത് ലാബ് 31/12/2021 സി എ എം സി അവസാനിച്ചിരുന്നു. 2024 ഓഗസ്റ്റ് മാസത്തിൽ സോഫ്റ്റ് വെയർ ബ്രേക്ക് ഡൗൺ ആയതിനെത്തുടർന്ന് ലാബിൻറെ പ്രവർത്തനം നിർത്തിവയ്ക്കേണ്ടതായി വന്നിരിക്കുകയാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിന് ലാബ് സജ്ജീകരിച്ചിട്ടുള്ള കമ്പനിയെ സമീപിച്ചിരുന്നെങ്കിലും പരിഹരിക്കാൻ കഴിയില്ല എന്നാണ് കമ്പനി അറിയിച്ചത്. നിലവിൽ കാത്ത് ലാബ് നവീകരിക്കുന്നതിന് ടെൻഡർ നടപടികൾ പൂർത്തിയായിട്ടുണ്ട്.. നിലവിലെ കാത്ത് മെഷീൻ പൊളിച്ചുമാറ്റി പുതിയത് സ്ഥാപിച്ച് KHRWS -ന്റെ കാത്ത് ലാബ് പ്രവർത്തന സജ്ജമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു. |
| (ബി) | നിലവിൽ കെ.എച്.ആർ.ഡബ്ല്യൂ.എസ്.-ൽ ഉള്ള താത്കാലിക, കോൺട്രാക്ട്, സ്ഥിരം ജീവനക്കാർ എത്രയാണ് എന്ന് വ്യക്തമാക്കാമോ; പ്രസ്തുത ജീവനക്കാരുടെ ശമ്പളം എന്തടിസ്ഥാനത്തിലാണ് നൽകുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി) | കെ.എച്ച്.ആർ.ഡബ്ല്യു.എസ്-ൽ നിലവിൽ ആകെ 586 താത്കാലിക ജീവനക്കാരും(ദിവസവേതനം-251,കോൺട്രാക്ട്-335), 31 സ്ഥിര ജീവനക്കാരും സേവനമനുഷ്ഠിക്കുന്നുണ്ട്. ദിവസവേതന/കരാർ ജീവനക്കാർക്ക് അവരുടെ തസ്തികകളുമായി ബന്ധപ്പെട്ട നിരക്കിലുള്ള വേതനവും,സ്ഥിര ജീവനക്കാർക്ക് 10-ാ ം ശമ്പള പരിഷ്കരണ പ്രകാരമുള്ള ശമ്പളവും നൽകിവരുന്നു. |
| (സി) | ദിവസവേതന, കോൺട്രാക്ട് അല്ലാതെ ക്ലീനിങ് സ്റ്റാഫുകളെ എന്തടിസ്ഥാനത്തിലാണ് നിയമിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (സി) | കെ.എച്ച്.ആർ.ഡബ്ല്യു.എസ്-ൽ ക്ലീനിംഗ് സ്റ്റാഫുകളുടെ താൽക്കാലിക നിയമനം ദിവസവേതന അടിസ്ഥാനത്തിലാണ് നടത്തുന്നത്. |
| (ഡി) | കെ.എച്.ആർ.ഡബ്ല്യൂ.എസ്.-ലെ 60 വയസ്സ് കഴിഞ്ഞു പിരിഞ്ഞു പോകുന്ന ദിവസവേതന, കോൺട്രാക്ട് ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ എത്രയാണ് നൽകുന്നത്; 2024 മുതൽ നാളിതുവരെ ഇപ്രകാരം | (ഡി) | ദിവസവേതന, കോൺട്രാക്ട് ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി നല്കുന്നില്ല. |

| | | | |
|---|---|---|---|
| | ഗ്രാറ്റുവിറ്റി നൽകിയ ദിവസവേതന, കോൺട്രാക്ട് ജീവനക്കാരുടെ ലിസ്റ്റ് നൽകാമോ? | | |

സെക്ഷൻ ഓഫീസർ